നം.DDDKER/4849/2025-C2

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം -695004
ഫോൺ :0471-2445749, 2445799
e-mail: dir.dairy@kerala.gov.in
cru.ddd@kerala.gov.in
തീയതി:-20-11-2025

**<u>സർക്കുലർ നം. 68 / 2025</u>**

വിഷയം:- ക്ഷീരവികസന വകുപ്പ് - ഡയറക്ടറേറ്റ് - സഹകരണം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതെരഞ്ഞെടുപ്പ് - പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളിലെ ഭരണസമിതി അംഗങ്ങളുടെ ഭരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നത് - സംബന്ധിച്ച്.

സൂചന :- സർക്കാർ ഉത്തരവ് നം. G.O.(P)No.158/2025/Co op (*S. R. O. No. 1306/2025*), തീയതി: 13.11.2025.

1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 28 (1) പ്രകാരം ഒരു സഹകരണ സംഘത്തിന്റെ തെരഞ്ഞെടുപ്പ് പൊതുയോഗം സംഘത്തിന്റെ നിയമാവലി വ്യവസ്ഥ പ്രകാരം 5 വർഷത്തേയ്ക്ക് ഒരു ഭരണസമിതിയെ രൂപീകരിക്കേണ്ടതും സംഘത്തിന്റെ ദൈനംദിന ക്രയവിക്രയങ്ങൾ നടത്തുവാനുള്ള ഭരണച്ചുമതല ടി ഭരണസമിതിയെ ഏൽപ്പിക്കുകയും വേണം എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ബൈലോകളിൽ എന്ത് തന്നെ അടങ്ങിയിരുന്നാലും ഭരണസമിതിയുടെ കാലാവധി തെരഞ്ഞെടുപ്പ് തീയതി മുതൽ 5 വർഷക്കാലമായാണ് കണക്കാക്കേണ്ടത്.

1969-ലെ കേരള സഹകരണ സംഘം ചട്ടങ്ങളിലെ 35(എ) ചട്ട പ്രകാരം പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളിലെ ഭരണസമിതിയിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തുന്നതിന് ക്ഷീര വികസന വകുപ്പിലെ ഉദ്യോഗസ്ഥരാണ് ഇലക്ടറൽ ഓഫീസർമാരായും, റിട്ടേണിംഗ് ഓഫീസർമാരായും പ്രവർത്തിക്കുന്നത്. എന്നാൽ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ജോലികൾ ഉള്ളതിനാൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് ക്ഷീര സഹകരണ സംഘങ്ങളുടെ ഇലക്ടറൽ ഓഫീസർമാരായും, റിട്ടേണിംഗ് ഓഫീസർമാരായും പ്രവർത്തിക്കാനും തെരഞ്ഞെടുപ്പ് നടത്താനും കഴിയാത്ത സാഹചര്യമാണുള്ളത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതെരഞ്ഞെടുപ്പ് നടപടികൾ ആരംഭിച്ചതിനാൽ 1969-ലെ കേരള സഹകരണ നിയമം ചട്ടങ്ങളിലെ 35 (എ) ചട്ട പ്രകാരം സഹകരണ സംഘങ്ങളിലെ ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടാകുമെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ ഭരണപരമായ സൗകര്യത്തിനും, പൊതു താല്പര്യത്തിനും വേണ്ടി തെരഞ്ഞെടുപ്പ് പൊതുയോഗം നടത്തേണ്ടതോ അല്ലെങ്കിൽ തെരഞ്ഞെടുപ്പ് പ്രക്രിയ ഇതിനോടകം ആരംഭിച്ചിട്ടുണ്ടെങ്കിൽ പൂർത്തിയായിട്ടില്ലാത്തതോ ആയ സഹകരണ സംഘങ്ങളുടെ 10.11.2025-മുതൽ 07.02.2026 വരെയുള്ള കാലയളവിൽ അവസാനിക്കുന്ന ഭരണസമിതിയുടെ കാലാവധി 5 വർഷം എന്നതിനു പകരം 5 വർഷവും 90 ദിവസവും എന്നാക്കി കൊണ്ട് സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി സർക്കാർ

ഉത്തരവിന്റെ അടിസ്ഥാനത്തിൽ ക്ഷീരവികസന വകുപ്പിന്റെ ഭരണനിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ക്ഷീരസഹകരണ സംഘങ്ങൾക്ക് താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ / സ്പഷ്ടീകരണങ്ങൾ നൽകുന്നു.

- 10.11.2025 മുതൽ 07.02.2026 വരെയുള്ള കാലയളവിൽ ഭരണസമിതി തെരഞ്ഞെടുപ്പ് തീയതി നിശ്ചയിച്ചിട്ടുള്ളതും, സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മിഷൻ തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമായ സംഘങ്ങളുടെ ഭരണസമിതിയുടെ കാലാവധി അവസാനിക്കുന്ന തീയതി മുതൽ 90 ദിവസത്തേക്ക് ദീർഘിപ്പിച്ചിട്ടുള്ളതും അപ്രകാരമുള്ള ഭരണസമിതിയുടെ കാലാവധി 5 വർഷം എന്നതിനു പകരം 5 വർഷവും 90 ദിവസവും എന്ന രീതിയിൽ കണക്കാക്കേണ്ടതാണ്.
- അഡ്മിനിസ്ട്രേറ്റർ/ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി തുടരുന്ന എല്ലാ ക്ഷീര സഹകരണ സംഘങ്ങളുടേയും ഭരണസമിതി തെരഞ്ഞെടുപ്പ് വിജ്ഞാപനം 10.11.2025 മുതൽ 07.2.2026 വരെയുള്ള കാലയളവിൽ വന്നിട്ടുണ്ടെങ്കിൽ ടി സംഘങ്ങളുടെ അഡ്മിനിസ്ട്രേറ്റർ/ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കാലയളവ് 90 ദിവസം കൂടി ദീർഘിപ്പിച്ചു ലഭിക്കുന്നതാണ്. എന്നാൽ 07.02.2026 ന് ശേഷം കാലാവധി അവസാനിക്കുന്ന ഭരണസമിതികൾക്കും, അഡ്മിനിസ്ട്രേറ്റർ,അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികൾക്കും സൂചന ഉത്തരവ് ബാധകമല്ല.
- അഡ്മിനിസ്ട്രേറ്റർ/അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി എന്നിവയുടെ കാലാവധി ഒരു വർഷത്തിലധികരിക്കാത്ത തീയതിക്കകം തെരഞ്ഞെടുപ്പ് നടത്തുവാൻ സാധിക്കാതെ വരുന്ന അഡ്മിനിസ്ട്രേറ്റർ/അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരിക്കുന്ന ക്ഷീര സഹകരണ സംഘങ്ങളിൽ 1969 ലെ കേരള സഹകരണ നിയമം വകുപ്പ് 33(1A) പ്രകാരം കാലാവധി ഒരു വർഷം കഴിഞ്ഞ് ദീർഘിപ്പിക്കുവാനുള്ള അധികാരം സർക്കാരിൽ മാത്രം നിക്ഷിപ്തമാണ്. ആയതിനുള്ള അപേക്ഷ ഭരണസമിതി തീരുമാനം സഹിതം ജില്ലാ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ശുപാർശയോടൊപ്പം ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.
- അഡ്മിനിസ്ട്രേറ്റർ/അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ച തീയതി 10.11.2025 മുതൽ 07.02.2026 നകം അവസാനിക്കുകയും, ഇലക്ഷൻ തീരുമാനം എടുത്ത് നടപടികൾ ആരംഭിക്കാതിരിക്കുകയും, നിയമിച്ചതിനു ശേഷം ഒരു വർഷം പൂർത്തിയായിട്ടില്ലെങ്കിൽ ബന്ധപ്പെട്ട ജില്ലാ ഡെപ്യൂട്ടി ഡയറക്ടർക്ക് ടി അഡ്മിനിസ്ട്രേറ്റർ/അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ ആകെ കാലാവധി പരമാവധി ഒരു വർഷം വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഈ സഹചര്യത്തിൽ സൂചന ഉത്തരവ് ബാധകമല്ല.
- 5 വർഷം 90 ദിവസം വരെ കാലാവധി ദീർഘിപ്പിച്ചു ലഭിച്ചിട്ടുള്ള ക്ഷീര സഹകരണ സംഘങ്ങളുടെ ഭരണസമിതിയുടെ ദീർഘിപ്പിച്ച കാലാവധി അവസാനിക്കുന്നതിന് കുറഞ്ഞത് 60 ദിവസങ്ങൾക്കു മുൻപ് ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുന്നതിന് ആവശ്യമായ ഭരണസമിതി തീരുമാനങ്ങളെടുത്ത് ജില്ലാ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ മുഖേന സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷന് അപേക്ഷ സമർപ്പിക്കേണ്ടതാണ്. എന്നാൽ അപ്രകാരം തെരഞ്ഞെടുപ്പ് നടത്തുന്നതിന് ഭരണ സമിതി തീരുമാനം കൈകൊള്ളുന്ന സംഘം ഭരണസമിതി ടി തീരുമാനങ്ങൾ നിലവിലെ അഞ്ച് വർഷ കാലാവധി അവസാനിച്ചതിനു ശേഷം മാത്രമേ എടുക്കുവാൻ പാടുള്ളൂ. അഡ്മിനിസ്ട്രേറ്റർ / അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കാര്യത്തിലും കാലാവധി അവസാനിക്കുന്നതിന് 60 ദിവസം മുമ്പെങ്കിലും തെരഞ്ഞെടുപ്പ് നടത്തുന്നതിന് ആവശ്യമായ അഡ്മിനിസ്ട്രേറ്റർ / അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ തീരുമാനങ്ങൾ ജില്ലാ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ മുഖേന സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷന് സമർപ്പിക്കേണ്ടതണ്.
- തെരഞ്ഞെടുപ്പ് നടപടികളുടെ വിവിധ ഘട്ടങ്ങളിൽ നിൽക്കുന്ന സംഘങ്ങളിലെ

ഭരണസമിതി/അഡ്മിനിസ്ട്രേറ്റർ/അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്ക് , കാലാവധി ദീർഘിപ്പിച്ച് ലഭിച്ച തീയതി മുതൽ സ്വീകരിക്കേണ്ടതായിരുന്ന വിവിധ നടപടിക്രമങ്ങൾ, 7.2.2026 തിയ്യതിക്ക് ശേഷം തുടർന്ന് സ്വീകരിക്കുന്നതിനുള്ള ഭരണസമിതി തീരുമാനങ്ങൾ ആകണം സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷന് വീണ്ടും തെരഞ്ഞെടുപ്പ് വിജ്ഞാപനം ഇറക്കുന്നതിലേയ്ക്കായി സമർപ്പിക്കേണ്ടത്. ആയതിലേയ്ക്കായി തെരഞ്ഞെടുപ്പ് നടപടികൾ ആരംഭിച്ചതായ സംഘങ്ങളുടെ ഇലക്ടൽ ഓഫീസർമാർ/ റിട്ടേണിംഗ് ഓഫീസർമാർ അവസാനിപ്പിച്ച നടപടികളുടെ വിവരം കൂടി ഭരണസമിതി തീരുമാനങ്ങൾക്കൊപ്പം ഉള്ളടക്കം ചെയ്ത് സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷന് അയയ്ക്കേണ്ടതാണ്.

Signed by
Salini Gopinath
Date: 20-11-2025 10:47:16

**ഡയറക്ടർ / ക്ഷീരസഹകരണ സംഘം രജിസ്ട്രാർ**

ഉള്ളടക്കം:- സൂചന ഉത്തരവ്

പകർപ്പ്:-

1)എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും ക്ഷീര പരിശീലന കേന്ദ്രം പ്രിൻസിപ്പാൾമാർക്കും.

2)എല്ലാ ക്ഷീര വികസന ഓഫീസർമാർക്കും ഡയറി ഫാം ഇൻസ്ട്രക്ടർമാർക്കും *( ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം )*

3)എല്ലാ ക്ഷീര സഹരണ സംഘങ്ങൾക്കും ( ബ്ളോക്ക് *ക്ഷീര വികസന ഓഫീസർ മുഖാന്തിരം*)

4)ഡയറക്ടറേറ്റിലെ എല്ലാ ടെക്ക്നിക്കൽ ഉദ്യോഗസ്ഥർക്കും

5)സൂപ്രണ്ട് - സി , ജി സെക്ഷനുകൾ

6)ഡയറി ഫാം ഇൻസ്ട്രക്ടർ - ഐ റ്റി സെൽ ( *വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി* )